വിൽപ്പന സമയത്ത് ചെയ്യുന്ന ആർ.സി. ബുക്കിലെ മേൽവിലാസം മാറ്റം എന്നിവ യഥാസമയം പരിശോധിച്ച് മോട്ടോർ വാഹന നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും, പ്രധാന വീഥികളിലുമെല്ലാം സി.സി.ടി.വി. ക്യാമറ ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ഇന്റർസെപ്റ്റർ വാഹനത്തിന്റെ സേവനവും ലഭ്യമാണ്. മൊബൈൽ പട്രോളിങ്ങ്, ബീറ്റ് പട്രോളിങ്ങ് എന്നിവ ശക്തിപ്പെടുത്തിയും ഹൈവേ പോലീസിന്റെ പട്രോളിങ്ങ് ശക്തിപ്പെടുത്തിയും അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തം കുറച്ചു കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടമുണ്ടാക്കിയിട്ടുള്ള അജ്ഞാത വാഹനങ്ങൾ കണ്ടുപിടിക്കാൻ ഫോറൻസിക് പരിശോധനകൾ ഉൾപ്പെടെയുള്ള വാഹനപരിശോധനകൾ നടത്തുന്നുണ്ട്.

(സി) മോട്ടോർ വാഹന നിയമം 163(1) വകുപ്പിൽ നിശ്ചയിച്ചിട്ടുള്ളതു പ്രകാരം കേന്ദ്ര ഗവൺമെന്റ് 'സൊലേഷ്യം സ്കീം 1989' സംസ്ഥാനത്ത് നിലവിലുണ്ട്. ടി സ്കീമിലെ ഖണ്ഡിക 11 പ്രകാരം ജില്ലാ കളക്ടർ സെറ്റിൽമെന്റ് കമ്മീഷണറായും ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ ഡിവിഷണൽ മാനേജർ ഒരംഗമായും ഇതിന് പുറമേ മറ്റ് 3 അംഗങ്ങൾ കൂടി ഉൾപ്പെടുന്നതുമായ ഒരു 5 അംഗ ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്ലെയിംസ് എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റി കൂടി Hit and Run കേസ്സുകളിൽ ഭൂരിപക്ഷ അഭിപ്രായ പ്രകാരം തീരുമാനമെടുക്കുകയും, അപകടങ്ങളിൽ മരണപ്പെടുന്ന കേസ്സുകളിൽ പരമാവധി 50,000 രൂപയും, പരിക്കു പറ്റുന്ന കേസ്സുകളിൽ പരമാവധി 25,000 രൂപയും നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഉത്തരവ് ലഭിച്ച്, ദിവസങ്ങൾക്കുള്ളിൽ തന്നെ ഇൻഷ്വറൻസ് കമ്പനി, പ്രസ്തുത തുക ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്.

സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമനിർമ്മാണം

17 (*167) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സ്ത്രീകളുടെ സുരക്ഷയ്ക്കായി എന്തെല്ലാമാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ ?

ആഭ്യന്തവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-ഡി) സ്ത്രീ സുരക്ഷയ്ക്കാവശ്യമായ നിയമങ്ങളും വ്യവസ്ഥകളും ഇന്ന് നിലവിലുണ്ട്. കൂടുതലായുള്ള നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

എയർ കേരള പദ്ധതി

18 (*168) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി ;

(ബി) പദ്ധതിക്കാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തുക ;

(സി) പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്രമേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത ഇളവുകൾ ലഭിക്കുന്ന മുറയ്ക്കേ ഇക്കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly